ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഫലമായി 18-3-1991-ന് പ്രസ്തുത വിദ്യാർത്ഥിയെ കണ്ടെത്തുകയുണ്ടായി.

വർദ്ധിച്ചു വരുന്ന ആത്മഹത്യകൾ തടയാൻ നടപടി

21 [2036] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആത്മഹത്യകൾ വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

ആത്മഹത്യകൾ വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആത്മഹത്യകൾ വിവിധങ്ങളായ വ്യക്തിപരമായ കാരണങ്ങളാലാണ് സംഭവിക്കുക. സർക്കാരിന് പ്രത്യേകിച്ച് നടപടിയെടുക്കാവുന്നവയല്ല.

വണ്ടൻമേട് പോലീസ് സ്റ്റേഷനതിർത്തിയിൽ കാണപ്പെട്ട അജ്ഞാത മൃതദേഹം

22 [2037] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വണ്ടൻമേട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മന്തിപ്പാറ ഭാഗത്ത് 12-5-1991-ൽ അജ്ഞാതനായ ഒരാൾ മരിച്ചുകിടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ പേര് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആൾ എങ്ങനെയാണ് മരിച്ചതെന്ന് തെളിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ ശവം പോസ്റ്റുമോർട്ടം ചെയ്താണോ മറവ് ചെയ്തത്; പോസ്റ്റുമോർട്ടം നടത്തണമെന്ന് നാട്ടുകാരും ബന്ധുക്കളും പരാതിപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ശവം പോസ്റ്റുമോർട്ടം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly